LIBRARY ARCHIVES Kerala Legislative Assembly

വിവരാവകാശ കമ്മീഷനു ലഭിച്ച അപേക്ഷകൾ

32 (2507) ശ്രീ. എം. ഉമ്മർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011 ജനുവരി 31 വരെ വിവരാവകാശ കമ്മീഷന് മുമ്പിൽ എത്ര അപേക്ഷകൾ ലഭിച്ചു ;

(ബി) ഇതിൽ എത്ര അപേക്ഷകൾ തീർപ്പു കൽപ്പിച്ചു ;

(സി) വിവരാവകാശ നിയമപ്രകാരം ഇതിനകം എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തു; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(ഡി) നടപടികൾക്ക് വിധേയരായ ഉദ്യോഗസ്ഥരിൽ നിന്നും നാളിതുവരെ എന്ത് തുക ഈടാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011 ജനുവരി 31 വരെ വിവരാവകാശ കമ്മീഷന് മുമ്പിൽ 56702 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 53557 അപേക്ഷകൾ തീർപ്പുകൽപ്പിച്ചു.

(സി&ഡി) വിവരാവകാശ നിയമ പ്രകാരം ഇതിനകം 225 ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തു. ഇവർക്കുമേൽ 23,59,750 രൂപ പിഴ ചുമത്തുകയും ഇതിൽ 11,29,338 രൂപ സർക്കാരിലേക്ക് ഒടുക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

പ്രവാസി മലയാളികളെക്കുറിച്ച് ആധികാരികമായ കണക്കെടുപ്പ്

33 (2509) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ പ്രവാസികളായി എത്ര പേർ ഉണ്ട് ; ഇത് സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ;

(ബി) വിദേശരാജ്യങ്ങളിലും ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലും അധിവസിക്കുന്ന പ്രവാസി മലയാളികളെക്കുറിച്ച് ഇതിനകം ആധികാരികമായ ഒരു കണക്കെടുപ്പ് നടന്നിട്ടുണ്ടോ ; എങ്കിൽ ഏത് ഏജൻസിയാണ് അത് നടത്തിയത് ; എന്താണ് വിശദാംശങ്ങൾ എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഇത്തരം ഒരു കണക്കെടുപ്പ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) പ്രവാസി കേരളീയ ക്ഷേമ ബോർഡ് സംസ്ഥാനത്ത് എന്നാണ് നിലവിൽ വന്നത് ; ബോർഡിന്റെ കീഴിൽ പ്രവാസി ക്ഷേമം മുൻനിർത്തി ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അംഗങ്ങൾക്ക് കൂടുതൽ സേവനം ലഭ്യമാക്കുന്നതിനും ബോർഡിന്റെ ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) സംസ്ഥാനത്തിന്റെ സമ്പദ് ഘടനയിൽ പ്രവാസികളുടെ സംഭാവന ഓരോ വർഷവും എത്ര വീതമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം അതെത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയ "2008-ലെ മൈഗ്രേഷൻ മോണിറ്ററിംഗ് സ്റ്റഡി" പ്രകാരം 21,93,412 പേർ വിദേശരാജ്യങ്ങളിലും 9,14,387 പേർ കേരളത്തിന് പുറത്ത് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ഇവർ സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനമാണ് എന്ന വിവരം ലഭ്യമല്ല. എന്നാൽ, പ്രസ്തുത റിപ്പോർട്ട് പ്രകാരം വിദേശത്ത് ഇപ്പോൾ തുടരുന്ന പ്രവാസികളോ വിദേശത്ത് നിന്നും തിരിച്ചുവന്ന പ്രവാസികളോ ഉൾപ്പെടുന്ന കുടുംബങ്ങൾ ആകെ കുടുംബങ്ങളുടെ 26.5% ആണ്. കൂടാതെ കേരളത്തിന് പുറത്ത് ഇന്ത്യക്കകത്തുള്ള വിവിധ സംസ്ഥാനങ്ങളിൽ തുടരുന്നതും തിരിച്ചുവരുന്നതുമായ പ്രവാസികൾ ഉൾപ്പെട്ട കുടുംബങ്ങൾ ആകെ കുടുംബങ്ങളുടെ 12.1 ശതമാനമാണ്.

(ബി & സി) ഈ വകുപ്പിന്റെ നിർദ്ദേശപ്രകാരം തിരുവനന്തപുരം സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് "2007-ലെ മൈഗ്രേഷൻ മോണിറ്ററിംഗ് സ്റ്റഡി എന്ന പേരിൽ പ്രവാസി മലയാളികളെക്കുറിച്ച് കണക്കെടുപ്പ് നടത്തി. ഇതിന്റെ തുടർച്ചയായി 2008-ലെ മൈഗ്രേഷൻ മോണിറ്ററിംഗ് സ്റ്റഡി എന്ന പേരിൽ 2008-ാം ആണ്ടിലും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് കണക്കെടുപ്പ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ രണ്ട് പഠനങ്ങളും എല്ലാ പ്രവാസികളെയും കുറിച്ചുള്ള സമഗ്രമായ സെൻസസ് രീതിയിലുള്ള കണക്കെടുപ്പല്ല. മറിച്ച് പ്രവാസി മലയാളികളെക്കുറിച്ചും അവരുടെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലങ്ങളെക്കുറിച്ചും നടത്തിയ "സാംപ്ലിംഗ്" രീതി പ്രകാരമുള്ള കണക്കുകളാണ്. മേൽ വിവരശേഖരണം സർക്കാരിന് നയപരമായ തീരുമാനങ്ങളെടുക്കാൻ പര്യാപ്തമാകുന്നതിനായും മുൻകാലങ്ങളിലെ റിപ്പോർട്ടിൽ തെളിഞ്ഞു വന്ന "പാറ്റേൺസ്" അവലോകനം ചെയ്യുന്നതിനുമായി സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് സർക്കാർ നിർദ്ദേശ പ്രകാരം 2009-2010 വർഷത്തെ കണക്കെടുപ്പും നടത്തിവരുന്നു.

(ഡി) 30-11-2009-ൽ ജി.ഒ. (എം‌എസ്.) 9/2009/നോർക്ക നമ്പർ ഉത്തരവു പ്രകാരം പ്രവാസി ക്ഷേമ ബോർഡ് നിലവിൽ വന്നിട്ടുണ്ട്. പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്ന പ്രവാസികൾക്ക് താഴെപറയുന്ന ക്ഷേമപദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട് :

1. അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ള 60 വയസ്സ് പൂർത്തിയായ അംഗങ്ങൾക്ക് പെൻഷൻ

2. അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ള അംഗം മരണമടഞ്ഞാൽ ആശ്രിതർക്ക് കുടുംബ പെൻഷൻ

LIBRARY ARCHIVES Kerala Legislative Assembly

3. ക്ഷേമനിധി അംഗത്തിന് സ്ഥിരമായ ശാരീരിക വൈകല്യം സംഭവിക്കുകയാണെങ്കിൽ അവശതാ പെൻഷൻ

4. അപകടം, രോഗം എന്നിവമൂലം അംഗം മരിക്കാനിടയായാൽ ആശ്രിതർക്ക് പ്രത്യേക സാമ്പത്തിക സഹായം

5. അംഗങ്ങളുടെ ഗുരുതരമായ രോഗചികിത്സയ്ക്ക് അനുവദനീയമായ അളവിൽ ധനസഹായം

6. വനിതാംഗത്തിനും ആശ്രിതരായ പെൺമക്കൾക്കും വിവാഹ ധനസഹായവും പ്രസവാനുകൂല്യവും

7. വസ്തു വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള വായ്പാസഹായം

8. മക്കളുടെ ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള സാമ്പത്തിക സഹായം

9. പ്രവാസ ജീവിതം കഴിഞ്ഞു മടങ്ങി വരുന്നവർക്ക് സ്വയം തൊഴിൽ ധനസഹായ വായ്പ

ഇതിൽ ചികിത്സ സഹായം മരണമടഞ്ഞ അംഗങ്ങളുടെ ആശ്രിതർക്കുള്ള മരണാനന്തര ധനസഹായം എന്നീ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) ക്ഷേമ ബോർഡ് എറണാകുളത്തും കോഴിക്കോടും മേഖലാ ഓഫീസുകൾ ആരംഭിക്കുന്നതിന് 20-12-2010-ൽ ജി.ഒ. (എംഎസ്.) 4/2010/നോർക്ക നമ്പർ ഉത്തരവു പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മാർച്ച് ആദ്യവാരം ആഫീസുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു.

(എഫ്) തിരുവനന്തപുരം സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തി "2008-ലെ മൈഗ്രേഷൻ മോണിറ്ററിംഗ് സ്റ്റഡി" റിപ്പോർട്ട് പ്രകാരം 2008 വർഷത്തിൽ പ്രവാസികൾ കുടുംബങ്ങൾക്കായി കേരളത്തിലേക്കയച്ച തുക 12511 കോടി രൂപയാണ്. ഈ തുകയും ബാങ്ക് നിക്ഷേപം മറ്റ് നിക്ഷേപം എന്നിവ ഉൾപ്പെടെ 2008 വർഷത്തിൽ പ്രവാസികൾ കേരളത്തിലേക്ക് ആകെ അയച്ച തുക 43,288 കോടി രൂപയാണ്.

വോട്ടർപ്പട്ടികയിൽ പേര് ചേർക്കാനാവശ്യമായ അപേക്ഷകളും രേഖകളും നോർക്ക റൂട്ട്സ് മുഖേന സമർപ്പിക്കുവാൻ നടപടി

34 (2510) ശ്രീ. കെ. വി. മോഹനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾക്ക് വോട്ടർ പട്ടികയിൽ പേരു ചേർക്കാനും, വോട്ട് രേഖപ്പെടുത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രവാസികൾക്ക് സ്വന്തം മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് കാലത്ത് വോട്ട് രേഖപ്പെടുത്താൻ എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly